പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2488 07.02.2019-ൽ മറുപടിക്ക്

പ്രാഥമിക സഹകരണ സംഘങ്ങളുടെ നിവേദനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | 2016 ജനുവരി മുതൽ മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ഓഫീസിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രസിഡന്റ്/സെക്രട്ടറിമാർ നൽകിയ നിവേദനങ്ങൾ എത്ര; ഓരോ അപേക്ഷയിലും സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | 2016 ജനുവരി മുതൽ മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ഓഫീസിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രസിഡന്റ്/സെക്രട്ടറിമാർ എന്നിവരിൽ നിന്നും ലഭിച്ച 4406 നിവേദനങ്ങളിൽ 3155 എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 1251 അപേക്ഷകളിൽ ന്യൂനതകൾ ഉള്ള അപേക്ഷകളിന്മേലും, അധിക വിവരം സമർപ്പിക്കേണ്ട അപേക്ഷകളിന്മേലും ആയവ പരിഹരിച്ച് ലഭ്യമാക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലേയ്ക്കും, സംഘങ്ങളിലേയ്ക്കും നിർദ്ദേശം നൽകിയിട്ടുള്ളതിനാലും നിയമാവലി ഭേദഗതി/രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായത്തിനായി അയച്ചിട്ടുള്ളതിനാലും, സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം വേണ്ട അപേക്ഷകളിൽ ആയതിനു വേണ്ടി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുള്ളതിനാലും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാതെ ബാക്കി നിൽക്കുന്നു. |
| (ബി) | ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്; തീർപ്പാക്കാത്ത അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചിട്ടുണ്ടോ; | (ബി) | 3155 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കാത്ത അപേക്ഷകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരം ആവശ്യമായ അപേക്ഷകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട എത്ര ഫയലുകൾ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ തീർപ്പാക്കാതെയുണ്ട്; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (സി) | മലപ്പുറം ജില്ലയുമായി ബന്ധപ്പെട്ട് 269 ഫയലുകൾ സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ തീർപ്പാക്കാനുണ്ട്. പ്രസ്തുത ഫയലുകളിൽ 5 ഫയലുകൾ സി എൽ ടി സെക്ഷനിലും, 2 ഫയലുകൾ എച്ച്-വി സെക്ഷനിലും, 27 ഫയലുകൾ എം.റ്റി.സെക്ഷനിലും, 15 ഫയലുകൾ ഇ.എം. സെക്ഷനിലും, 2 ഫയലുകൾ എം പി സെക്ഷനിലും, 4 ഫയലുകൾ എസ് സി റ്റി സെക്ഷനിലും, 149 |

| | | | |
|---|---|---|---|
| | | | ഫയലുകൾ പി&എം സെക്ഷനിലും, 61 ഫയലുകൾ സി പി സെക്ഷനിലും 4 ഫയലുകൾ ജനറൽ സെക്ഷനിലുമായി തീർപ്പാക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**